**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2537** **12.03.2020-ൽ മറുപടിക്ക്**

## അപകടം സംഭവിച്ച തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട്, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് എന്നിവ ഭേദഗതി ചെയ്തതിനെത്തുടർന്ന്, അപകടം സംഭവിച്ച തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നൽകുന്ന ചുമതല ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആയത് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ചുമതലയാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇത് നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാരായി നിയമിക്കണമെന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമത്തിന്റെ വകുപ്പ് 20 ന് സംസ്ഥാന ഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2018-ലെ എംപ്ലോയീസ് കോമ്പൻസേഷൻ (സംസ്ഥാന ഭേദഗതി) ബിൽ, ബിൽ നം.133 ആയി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.